LIBRARY ARCHIVES Kerala Legislative Assembly

പുതിയ ഗ്രാമപഞ്ചായത്തുകൾ

254 (3541) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിസ്തൃതി കൂടിയ ഗ്രാമ പഞ്ചായത്തുകൾ വരുന്ന തെരഞ്ഞെടുപ്പിന് മുമ്പ് രണ്ടാക്കി പുതിയവ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പുതിയ ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്ന പ്രക്രിയ എന്നത്തേക്ക് ആരംഭിക്കും ;

(സി) പുതിയ ഗ്രാമപഞ്ചായത്ത് രൂപീകരണത്തിനായി പഠനം നടത്തിയിട്ടുണ്ടോ ? വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പുതിയ ഗ്രാമപഞ്ചായത്തുകളുടെ രൂപീകരണത്തിനായുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. ആയതിനുവേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

(സി) ഗ്രാമപഞ്ചായത്തുകൾ വിഭജിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

സ്നേഹിത

255 (3542) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. റ്റി. എൻ. പ്രതാപൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീയുടെ നേതൃത്വത്തിൽ സ്നേഹിത പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ആർക്കെല്ലാമാണ് പദ്ധതി വഴി സഹായം ലഭിക്കുന്നത് ; വിശദമാക്കാമോ ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് സ്ത്രീകൾക്ക് ഈ പദ്ധതി മുഖേന ലഭ്യമാകുന്നത് ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ?